# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2072 22.01.2014-ൽ മറുപടിയ്ക്ക്

## സാമ്പത്തിക തട്ടിപ്പുകൾ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ. സുരേഷ്കുറുപ്പ്<br>ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നിക്ഷേപതട്ടിപ്പ്, വിസ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പ്, ഷെയർ മാർക്കറ്റ് തട്ടിപ്പ്, വിദ്യാർത്ഥി പ്രവേശന തട്ടിപ്പ് തുടങ്ങിയ സാമ്പത്തിക തട്ടിപ്പുകൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ രണ്ട് വർഷം പോലീസ് രജിസ്റ്റർ ചെയ്ത തട്ടിപ്പ് കേസുകളുടെ എണ്ണവും അതുവഴി തട്ടിപ്പ് നടത്തപ്പെട്ട മൊത്തം തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;എങ്കിൽ വിശദമാക്കാമോ; | (ബി) കഴിഞ്ഞ രണ്ട് വർഷം പോലീസ് 4090 തട്ടിപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലൂടെ 5,54,15,29,045/- രൂപയുടെ തട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സാമ്പത്തിക തട്ടിപ്പുകളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്; | (സി) ദേശീയ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം തട്ടിപ്പ് കേസുകളിൽ കേരളം 2-ാം സ്ഥാനത്താണ്. ചെറിയ തുക ഉൾപ്പെടുന്ന തട്ടിപ്പ് കേസുകൾക്ക്പോലും പൊതുജനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകാറുണ്ട്. ഈ പരാതികളിലെല്ലാം പോലീസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്. കൂടാതെ പോലീസ് നടത്തുന്ന റെയ്ഡുകളിലും മറ്റും കണ്ടെത്തുന്ന സാമ്പത്തിക ക്രമക്കേടുകളിലും കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ട്. ഇത്തരത്തിൽ ക്രിയാത്മകമായി പോലീസ് പ്രവർത്തിക്കുന്നതുകൊണ്ടാണ് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ വർദ്ധനവുണ്ടാകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | തട്ടിപ്പുകാർ ഏറെയും ഉന്നത ഔദ്യോഗിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഒരിക്കൽ തട്ടിപ്പ് നടത്തിയവർ തന്നെ വീണ്ടും തട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുകയും അവർക്ക് ഭരണരംഗത്തുനിന്ന് സഹായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സർക്കാരിനറിയാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ